**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3576 22.08.2017- ൽ മറുപടിയ്ക്ക്

**ഷെൽട്ടർ ഹോം പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി).** |

| | | | |
|---|---|---|---|
| (എ) | യാചകർക്കു വേണ്ടി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഷെൽട്ടർ ഹോം പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | യാചകർക്കുവേണ്ടി സാമൂഹ്യ നീതി വകുപ്പ് വഴി ഷെൽട്ടർ ഹോം പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (ബി) | യാചകരുടേയും നാടോടികളുടേയും പുനരധിവാസത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | സംസ്ഥാനത്ത് യാചകരുടെ പുനരധിവാസത്തിനായി 13 യാചക-മന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാന്റിന് അർഹതയുള്ള യാചക മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസിക്ക് പ്രതിമാസം 1,000/-രൂപ നിരക്കിൽ ഗ്രാന്റ് നൽകി വരുന്നു. നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി തങ്ങുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിൽ വിഭാവനം ചെയ്ത 'എന്റെ കൂട്' പദ്ധതി തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | മലപ്പുറത്ത് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഷെൽട്ടർ ഹോമിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | മലപ്പുറം ജില്ലയിൽ സാമൂഹ്യനീതി വകുപ്പ് ഷെൽട്ടർ ഹോം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.